**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3766** **12-03-2025 - ൽ മറുപടിയ്ക്ക്**

**വിഷപ്പുല്ല് തിന്ന് കന്നുകാലികൾ ചത്തുപോകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിഷപ്പുല്ല് തിന്ന് കന്നുകാലികൾ ചത്തുപോകുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരിയിൽ ഒരു കർഷകന്റെ 5 പശുക്കളിൽ 4എണ്ണം വിഷപ്പുല്ല് ഭക്ഷിച്ച് മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ക്ഷീരകർഷകർ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | **ഉരുക്കളെ മേയാൻ വിടുന്ന സ്ഥലങ്ങളിൽ വിഷമയമുള്ള സസ്യങ്ങളും വസ്തുക്കളും ഇല്ലായെന്ന് ഉറപ്പ് വരുത്തുക എന്നതാണ് മുൻകരുതൽ നടപടികളിൽ മുഖ്യം. കർഷകരുടെ ഉരുക്കൾക്ക് ശാസ്ത്രീയമായ തീറ്റക്രമമനുസരിച്ച് തീറ്റ നൽകുന്നതിനും, വിഷാംശമുള്ളതും പഴകിയതുമായ തീറ്റവസ്തുക്കൾ ഒഴിവാക്കുകയും ചെയ്യുക ദഹനക്കേടോ മറ്റ് അസ്വസ്ഥതകളോ ഉണ്ടാകുന്ന പക്ഷം അടിയന്തിരമായി ഉരുക്കൾക്ക് വൈദ്യസഹായം ലഭ്യമാക്കുക എന്നീ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.** |
| (സി) | പ്രസ്തുത സാഹചര്യം ഒഴിവാക്കാൻ ക്ഷീരകർഷകർക്ക് നിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | **പ്രസ്തുത സാഹചര്യങ്ങൾ ഒഴിവാക്കാൻ ക്ഷീരകർഷകർക്ക് ബോധവത്കരണങ്ങളും, പരിശീലന ക്ലാസ്സുകളും മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പുകളുടെ വിവിധ പരിശീലനകേന്ദ്രങ്ങൾ മുഖാന്തിരം നൽകുന്നുണ്ട്.** |
| (ഡി) | കന്നുകാലികൾ വിഷപ്പുല്ല് തിന്ന് ചത്തുപോകുന്ന സാഹചര്യങ്ങളിൽ ഭീമമായ നഷ്ടം നേരിടുന്ന ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിനായി പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | **വിഷബാധമൂലം ഉരുക്കൾ മരണപ്പെട്ട കർഷകർക്ക്, ഇൻഷ്വറൻസ് തുകയോ, ജില്ലാ കളക്ടറുടെ ധനസഹായമോ ലഭിക്കാത്ത സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്തനിവാ രണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും വിഷബാധമൂലം ഉരുക്കൾ മരണപ്പെട്ട ദുരിത ബാധിതരായ എല്ലാ കർഷകർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 28-09-2024-ലെ സ.ഉ. (സാധാ) നം.535/2024/AHD ഉത്തരവ് പ്രകാരം ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ